www.pscnet.in

## 62/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകൃത ജില്ല ഏത്?
   - (A) തിരുവനന്തപുരം
   - (B) എറണാകുളം
   - (C) പാലക്കാട്
   - (D) കോഴിക്കോട്

2. മാർക്ക് സാക്കർബർഗ് 2004 ൽ രൂപം കൊടുത്ത ഇന്റർനെറ്റ് കൂട്ടായ്മ ഏതു പേരിൽ അറിയപ്പെടുന്നു?
   - (A) ഫേസ്ബുക്ക്
   - (B) ഇ-മെയിൽ
   - (C) യു ട്യൂബ്
   - (D) ഹോട്ട് മെയിൽ

3. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഏക മലയാളി പ്രസിഡന്റായ ചേറ്റൂർ ശങ്കരൻ നായരുടെ സമാധി സ്ഥലം സ്ഥിതിചെയ്യുന്നതെവിടെ?
   - (A) മംഗലം
   - (B) മങ്കര
   - (C) മങ്കട
   - (D) മണ്ണൂർ

4. ഇന്ത്യയിൽ ഏതു സംസ്ഥാനത്താണ് ദേവി അഹല്യാഭായി ഹോൾക്കാർ അന്താരാഷ്ട്ര വിമാനത്താവളം സ്ഥിതിചെയ്യുന്നത്?
   - (A) രാജസ്ഥാൻ
   - (B) ഹിമാചൽ പ്രദേശ്
   - (C) ബീഹാർ
   - (D) മദ്ധ്യപ്രദേശ്

5. കേരളത്തിലെ ആദ്യ റെയിൽവേ ലൈൻ ഏത്?
   - (A) തിരുവനന്തപുരം-കോഴിക്കോട്
   - (B) തിരൂർ-ബേപ്പൂർ
   - (C) എറണാകുളം-ആലപ്പുഴ
   - (D) കൊച്ചി-കൊല്ലം

6. ഇന്ത്യയിലെ ഏറ്റവും വലിയ സ്വകാര്യ വാണിജ്യ ബാങ്ക് ഏത്?
   - (A) ICICI ബാങ്ക്
   - (B) HDFC ബാങ്ക്
   - (C) IDBI ബാങ്ക്
   - (D) ING വൈശ്യ ബാങ്ക്

7. ഇന്ത്യൻ പെട്രോളിയം റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥിതിചെയ്യുന്നതെവിടെ?
   - (A) ലഡാക്ക്
   - (B) ഡെറാഡൂൺ
   - (C) കൊച്ചി
   - (D) വിശാഖപട്ടണം

PSCNET.in



fb.com/pscnet.in

www.pscnet.in

8. 2013 ലെ ഫ്രഞ്ച് ഓപ്പൺ പുരുഷ കിരീടം നേടിയതാര്?

(A) നൊവാക് ദ്യോകോവിച്ച് (B) റോജർ ഫെഡറർ
(C) ആന്റിമുറേ (D) റാഫേൽ നഥാൽ

9. എക്സിമ രോഗം ശരീരത്തിന്റെ ഏതു ഭാഗത്തെയാണ് ബാധിക്കുന്നത്?

(A) കണ്ണ് (B) കരൾ
(C) ത്വക്ക് (D) വൃക്ക

10. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിലവിൽ വന്ന വർഷം :

(A) 1993 (B) 1997
(C) 1991 (D) 1998

11. ഇന്ത്യയിലെ ഏക വേലിയേറ്റ തുറമുഖം ഏത്?

(A) തൂത്തുകുടി (B) വിശാഖപട്ടണം
(C) കൊച്ചി (D) കാണ്ട്ല

12. ഡോ. ബലരാമൻ കമ്മീഷൻ ഏതു മേഖലയിലെ തൊഴിൽ പ്രശ്നങ്ങളെ കുറിച്ച് പഠിക്കാൻ നിയമിച്ചതാണ്?

(A) വിദ്യാഭ്യാസം (B) നഴ്സിംഗ്
(C) മത്സ്യബന്ധനം (D) വൈദ്യുതി

13. ലോക ഭക്ഷ്യദിനമായി ആചരിക്കുന്നതെന്ന്?

(A) ജനുവരി 16 (B) സെപ്റ്റംബർ 16
(C) ഒക്ടോബർ 16 (D) മെയ് 16

14. 2015 ലെ വനിതാ ലോക കപ്പ് ഫുട്ബോൾ മത്സരത്തിനു വേദിയാവുന്ന രാജ്യമേത്?

(A) ബ്രസീൽ (B) കാനഡ
(C) ജപ്പാൻ (D) ദക്ഷിണ കൊറിയ

15. ജർമ്മനിയേയും ഫ്രാൻസിനെയും വേർതിരിക്കുന്ന അതിർത്തി രേഖ ഏതു പേരിൽ അറിയപ്പെടുന്നു?

(A) മക്മോഹൻ രേഖ (B) ഡ്യൂറന്റ് രേഖ
(C) 38-ാം സമാന്തര രേഖ (D) മാജിനോട്ട് രേഖ

16. സർദാർ വല്ലഭായ് പട്ടേലിന്റെ ബഹുമാനാർത്ഥം ഗുജറാത്തിൽ നിർമ്മിക്കുന്ന ഏകതാപ്രതിമയുടെ ഉയരം എത്ര?

(A) 597 ഫീറ്റ് (B) 697 ഫീറ്റ്
(C) 975 ഫീറ്റ് (D) 767 ഫീറ്റ്



fb.com/pscnet.in

www.pscnet.in

17. ജർമ്മൻ സിൽവർ എന്ന കൂട്ടുലോഹത്തിൽ എത്ര ശതമാനം സിൽവർ അടങ്ങിയിരിക്കുന്നു?

(A) 15% (B) 25%

(C) 50% (D) ഇവയൊന്നുമല്ല

18. ഇന്ത്യയുടെ ആദ്യ ചൊവ്വാപര്യവേഷണ ദൗത്യം 'മംഗൾയാൻ' വിക്ഷേപിച്ചത് :

(A) 2013 Nov. 15 (B) 2013 Oct. 5

(C) 2013 Nov. 5 (D) 2013 Oct. 15

19. ഏകദിന ക്രിക്കറ്റിൽ തുടർച്ചയായി 3 വർഷം ആയിരം റൺസിലേറെ സ്കോർ ചെയ്ത കളിക്കാരുടെ ക്ലബിൽ ഉൾപ്പെടാത്ത കളിക്കാരൻ :

(A) സച്ചിൻ തെൻഡുൽക്കർ (B) യുവരാജ്സിങ്ങ്

(C) എം.എസ്. ധോണി (D) വിരാട് കോലി

20. സിർക്കോണിയം സ്റ്റാർ എന്ന നക്ഷത്രം കണ്ടെത്തിയതാര്?

(A) നസ്‌ലീം നീലങ്കോടൻ (B) സൈമൺ ജഫ്രി

(C) നദാലിയ ബഹ്റ (D) അലൻഹിബേർട്ട്

21. ഇന്ത്യയിൽ ഏറ്റവും ദൈർഘ്യമേറിയ പകൽ അനുഭവപ്പെടുന്നതെന്ന്?

(A) ജൂൺ 21 (B) ഡിസംബർ 22

(C) സെപ്തംബർ 23 (D) മാർച്ച് 21

22. അമൃത്സറിലെ സുവർണ്ണക്ഷേത്രം പണികഴിപ്പിച്ച സിക്ക് ഗുരു ആര്?

(A) അമർദാസ് (B) അംഗത്ദേവ്

(C) ഗോവിന്ദ്സിങ്ങ് (D) അർജ്ജുൻ ദേവ്

23. സിംപ്സൺ മരുഭൂമി സ്ഥിതിചെയ്യുന്നതെവിടെ?

(A) അന്റാർട്ടിക്ക (B) ആസ്ട്രേലിയ

(C) ബോട്സ്വാന (D) മംഗോളിയ

24. പള്ളിവാസൽ പ്രോജക്ട് ഏതു നദിയിലാണ് നിർമ്മിച്ചിരിക്കുന്നത്?

(A) കുന്തിപ്പുഴ (B) മലമ്പുഴ

(C) മുതിരപ്പുഴ (D) ചാലക്കുടിപ്പുഴ

25. പൊതുഖജനാവിന്റെ വാച്ച് ഡോഗ് എന്നറിയപ്പെടുന്ന കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറലിന്റെ ഔദ്യോഗിക കാലാവധി എത്ര വർഷം?

(A) 5 വർഷം (B) 4 വർഷം

(C) 6 വർഷം (D) 3 വർഷം



fb.com/pscnet.in

www.pscnet.in

26. 'തുഗ്രിക' ഏതു രാജ്യത്തിന്റെ നാണയമാണ്?

(A) ഹംഗറി
(B) മംഗോളിയ
(C) പോർച്ചുഗൽ
(D) ഡെൻമാർക്ക്

27. പുരാതന തമിഴകത്തെ ഭൂമിശാസ്ത്രവിഭാഗം അല്ലാത്തതേത്?

(A) പാലൈ
(B) കുറിഞ്ചി
(C) മരുതം
(D) മൻറം

28. സമുദ്രഗുപ്തനെ ഇന്ത്യൻ നെപ്പോളിയൻ എന്നു വിശേഷിപ്പിച്ചതാര്?

(A) വിൻസന്റ് സ്മിത്ത്
(B) ജെ.എസ്. മിൽ
(C) അലക്സാണ്ടർ കണ്ണിംഗ്രാം
(D) കോൾബ്രൂക്ക്

29. ഗാന്ധാര കലാരീതി ഇന്ത്യയിൽ ആവിഷ്കരിച്ചത് ഏത് ഭരണാധികാരികളാണ്?

(A) ശാകന്മാർ
(B) പാർത്ഥിയന്മാർ
(C) കുഷാനന്മാർ
(D) ഇൻഡോ-ഗ്രീക്കുകാർ

30. സ്ട്രെപ്റ്റോമൈസിൻ ഏതു രോഗത്തിന് ഉപയോഗിക്കുന്ന മരുന്നാണ്?

(A) കാൻസർ
(B) കുഷ്ഠം
(C) ക്ഷയം
(D) എയ്ഡ്സ്

31. ഇന്ത്യയിലെ ആദ്യത്തെ പോർച്ചുഗീസ് വൈസ്രോയി ആര്?

(A) ഫ്രാൻസിസ് കോ ഡി അൽമേഡ
(B) പെഡ്രോ അൽവാരസ് കബ്രാൾ
(C) വാസ്കോഡിഗാമ
(D) അൽബുക്കർക്ക്

32. 2011 ലെ കനേഷുകുമാരി പ്രകാരം ഇന്ത്യയിലെ സ്ത്രീപുരുഷ അനുപാതം :

(A) 940/1000
(B) 846/1000
(C) 1058/1000
(D) 958/1000

33. ഇന്ത്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 24 എന്തുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) മതസ്വാതന്ത്ര്യം
(B) വ്യക്തിസ്വാതന്ത്ര്യം
(C) ബാലവേലനിരോധനം
(D) അവസരസമത്വം

34. 2012 ലെ ഒളിമ്പിക്സിൽ മെഡൽ പട്ടികയിൽ 2-ാം സ്ഥാനത്തുള്ള രാജ്യം ഏത്?

(A) USA
(B) ബ്രിട്ടൻ
(C) റഷ്യ
(D) ചൈന



fb.com/pscnet.in

www.pscnet.in

35. ഭൂമിയോട് ഏറ്റവും അടുത്തു കിടക്കുന്ന അന്തരീക്ഷപാളി ഏത്?

(A) സ്ട്രാറ്റോസ്ഫിയർ
(B) ട്രോപ്പോസ്ഫിയർ
(C) മീസോസ്ഫിയർ
(D) തെർമോസ്ഫിയർ

36. ലോകത്ത് ആദ്യമായി മൂല്യവർദ്ധിത നികുതി നടപ്പിലാക്കിയ രാജ്യം :

(A) ബ്രിട്ടൻ
(B) ജപ്പാൻ
(C) ഫ്രാൻസ്
(D) ജർമ്മനി

37. രക്തബാങ്കുകളിൽ രക്തം സൂക്ഷിക്കുന്ന താപനില ———————— ഡിഗ്രി സെൽഷ്യസ് ആണ്.

(A) 4° സെൽഷ്യസ്
(B) 0° സെൽഷ്യസ്
(C) 36.9° സെൽഷ്യസ്
(D) 10° സെൽഷ്യസ്

38. ശാരീരിക വൈകല്യങ്ങളെ അവഗണിച്ച് എവറസ്റ്റിനു മുകളിൽ സ്കൈഡൈവിങ്ങ് നടത്തി ചരിത്രത്തിലിടം പിടിച്ച ആദ്യ ഫ്രഞ്ചുകാരൻ :

(A) മാർക്ക് കോപ്പ്
(B) ടോം വിറ്റാക്കെർ
(C) റെയിൻഹോൾഡ് മെസ്സ്നർ
(D) ഫ്യൂദോർജി

39. പുരാതന കേരളത്തിലെ 'കാന്തളൂർശാല' നിർമ്മിച്ചത് ഏതു രാജവംശത്തിന്റെ കാലത്താണ്?

(A) ചേര
(B) ചോള
(C) പാണ്ഡ്യ
(D) ഇവയൊന്നുമല്ല

40. 2013 ലെ എഴുത്തച്ഛൻ പുരസ്കാരം നേടിയതാര്?

(A) യൂസഫലി കേച്ചേരി
(B) അക്കിത്തം അച്യുതൻ നമ്പൂതിരി
(C) എം.കെ. സാനു
(D) ആറ്റൂർ രവിവർമ്മ

41. ഫോർമുല വൺ കാറോട്ടമത്സരത്തിൽ ഇന്ത്യൻ ഗ്രാൻപ്രീയിൽ ഹാട്രിക് വിജയം നേടിയ സെബാസ്റ്റ്യൻ വെറ്റലിന്റെ കാർ രൂപകല്പന ചെയ്തത് ആര്?

(A) നിക്കോ ഹാൽക്കൺബർഗ്
(B) അഡ്രിയാർ ന്യൂവേ
(C) ചാൾസ്പിക്ക്
(D) ഗ്യൂഡോവാൻഡെർ ഗർദെ

42. 2012 ലെ വിശ്വസുന്ദരിപട്ടം നേടിയ വനിത :

(A) വെൻക്സിയ യു
(B) അലാന സീബറാൻ
(C) ഒലിവിയ കാൾപോ
(D) മെറിൽ സ്ട്രീപ്പ്



fb.com/pscnet.in

www.pscnet.in

43. 'അൺ ഓതറൈസ്ഡ് ഓട്ടോബയോഗ്രാഫി' ആരുടെ ആത്മകഥയാണ്?

(A) എഡ്വേർഡ് സ്നോഡൻ
(B) ജൂലിയൻ അസാൻജെ
(C) യൂസഫ് റാസഗിലാനി
(D) മസതോമ്പ ഫുക്കുവോക്ക

44. കാർബൺ മോണോക്സൈഡിന്റെയും —————— ന്റെയും മിശ്രിതമാണ് വാട്ടർ ഗ്യാസ്.

(A) നൈട്രജൻ
(B) ഓക്സിജൻ
(C) ഹീലിയം
(D) ഹൈഡ്രജൻ

45. 'തയ്യാറായിരിക്കുക' (Be prepared) ഏതു പ്രസ്ഥാനത്തിന്റെ ആപ്തവാക്യമാണ്?

(A) സ്കൗട്ട് & ഗൈഡ്സ്
(B) ആംനസ്റ്റി ഇന്റർനാഷണൽ
(C) റെഡ്ക്രോസ് സൊസൈറ്റി
(D) ഗ്രീൻപീസ്

46. പക്ഷികൂടുകളെ കുറിച്ചുള്ള പഠനം അറിയപ്പെടുന്നത് :

(A) ഓർണിത്തോളജി
(B) ടെറിഡോളജി
(C) സിസ്മോളജി
(D) സോറോളജി

47. ശബ്ദം ഏറ്റവും വേഗതയിൽ സഞ്ചരിക്കുന്ന മാദ്ധ്യമം ഏത്?

(A) വായു
(B) ലോഹം
(C) ശൂന്യത
(D) ജലം

48. ഇന്ത്യയുടെ കിഴക്കൻ തീരങ്ങളിൽ നടന്ന സുനാമി രക്ഷാപ്രവർത്തനം ഏതു പേരിൽ അറിയപ്പെടുന്നു?

(A) ഓപ്പറേഷൻ ഗംഭീർ
(B) ഓപ്പറേഷൻ റെയിൻബോ
(C) ഓപ്പറേഷൻ സീവേവ്സ്
(D) ഓപ്പറേഷൻ മഡാഡ്

49. കേരള തുളസീദാസൻ എന്നറിയപ്പെടുന്നതാര്?

(A) വെണ്ണിക്കുളം ഗോപാലക്കുറുപ്പ്
(B) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ
(C) എ.ആർ. രാജരാജവർമ്മ
(D) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

50. ലോകത്തിൽ ആദ്യമായി കുടുംബാസൂത്രണ പദ്ധതി ആരംഭിച്ച രാജ്യമേത്?

(A) ചൈന
(B) ഇന്ത്യ
(C) റഷ്യ
(D) ബ്രിട്ടൻ

51. ഇന്ത്യയിലെ ഔഷധസസ്യങ്ങളെകുറിച്ചുള്ള പുസ്തകമായ ഹോർത്തൂസ് മലബാറിക്കസിന്റെ രചനയിൽ അഡ്മിറൽ വാൻറീഡിനെ സഹായിച്ച കേരളത്തിലെ വൈദ്യൻ ആര്?

(A) അച്യുത പിഷാരടി
(B) തൈക്കാട് മാനവേന്ദ്രൻ
(C) ഇട്ടി അച്യുതൻ
(D) ജോൺ മത്തായി



fb.com/pscnet.in

www.pscnet.in

52. ഇന്ത്യയിൽ വിവരാവകാശ നിയമം പ്രാബല്യത്തിൽ വന്ന വർഷം :

(A) 2004 (B) 2003

(C) 2006 (D) 2005

53. കേരള ബുക്ക്സ് & പബ്ലിക്കേഷൻ സൊസൈറ്റിയുടെ ആസ്ഥാനം :

(A) തൃശ്ശൂർ (B) പാലക്കാട്

(C) എറണാകുളം (D) തിരുവനന്തപുരം

54. ഗാന്ധിജിയെ രാഷ്ട്രപിതാവ് എന്ന് ആദ്യമായി അഭിസംബോധന ചെയ്തത് ആര്?

(A) ജവഹർലാൽ നെഹ്റു (B) രവീന്ദ്രനാഥ ടാഗോർ

(C) സർദാർ വല്ലഭായ് പട്ടേൽ (D) സുഭാഷ് ചന്ദ്രബോസ്

55. മാവോറികൾ എന്നത് ഏതു രാജ്യത്തെ ആദിമനിവാസികളാണ്?

(A) ന്യൂസിലാന്റ് (B) മംഗോളിയ

(C) ശ്രീലങ്ക (D) കംബോഡിയ

56. NH 966 ഏതെല്ലാം പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നു?

(A) കുണ്ടന്നൂർ-വെല്ലിംങ്ടൺ (B) വല്ലാർപാടം-കളമശ്ശേരി

(C) കോഴിക്കോട്-മുത്തങ്ങ (D) പാലക്കാട്-കോഴിക്കോട്

57. മനുഷ്യശരീരത്തിൽ ഫിബുല എന്ന അസ്ഥി സ്ഥിതിചെയ്യുന്ന ശരീരഭാഗം ഏത്?

(A) കാൽപാദം (B) കഴുത്ത്

(C) തലയോട് (D) ചെവി

58. ഇന്ത്യയിൽ മറാത്ത സാമ്രാജ്യത്തിന്റെ തകർച്ചയ്ക്കു കാരണമായ മൂന്നാം പാനിപ്പത്ത് യുദ്ധം നടന്ന വർഷം :

(A) 1526 (B) 1761

(C) 1556 (D) 1671

59. ഇന്റർപോളിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നതെവിടെ?

(A) ഇംഗ്ലണ്ട് (B) അമേരിക്ക

(C) ഫ്രാൻസ് (D) ഇറ്റലി

60. ശ്രീബുദ്ധൻ തന്റെ ആദ്യ പ്രഭാഷണം നടത്തിയ സ്ഥലം :

(A) ബോധഗയ (B) കുശിനഗരം

(C) കപിലവസ്തു (D) സാരനാഥ്



fb.com/pscnet.in

www.pscnet.in

61. താഴെ തന്നവയിൽ നെല്ല് വർഗ്ഗത്തിൽ പെടാത്തത് :

(A) കാർത്തിക (B) ശ്യാമ

(C) ഹർഷ (D) സുവർണ്ണ

62. ജലത്തിന്റെ pH മൂല്യം :

(A) 7 (B) 6

(C) 0 (D) 8

63. ഓക്സിജൻ കണ്ടുപിടിച്ചത് :

(A) ഹെൻറി കാവൻഡിഷ് (B) ഐസക് ന്യൂട്ടൺ

(C) ആൽബർട്ട് ഐൻസ്റ്റീൻ (D) ജോസഫ് പ്രീസ്റ്റ്ലി

64. മെർക്കുറി ഒരു ———————— ആണ്.

(A) ആസിഡ് (B) ലോഹം

(C) ആൽക്കഹോൾ (D) ധാതു

65. ഏറ്റവും ഭാരം കുറഞ്ഞ ലോഹം :

(A) ലിഥിയം (B) സോഡിയം

(C) കാത്സ്യം (D) പൊട്ടാസ്യം

66. പ്രകാശസംശ്ലേഷണത്തിന് ആവശ്യമായ വാതകം :

(A) ഓക്സിജൻ (B) നൈട്രജൻ ഡയോക്സൈഡ്

(C) ഹൈഡ്രജൻ (D) കാർബൺ ഡയോക്സൈഡ്

67. ശബ്ദം ———————— ൽ കൂടി സഞ്ചരിക്കുന്നില്ല.

(A) വായു (B) ജലം

(C) ശൂന്യത (D) ലോഹം

68. ഭക്ഷണത്തിൽ നിന്ന് ലഭിക്കുന്ന ഊർജ്ജത്തിന്റെ അളവ് :

(A) ന്യൂട്ടൺ (B) ജൂൾ

(C) ഫാരഡെ (D) കലോറി

69. ചെടിയുടെ വേരിൽ കാണുന്ന റൈസോബിയം എന്ന ബാക്ടീരിയയ്ക്ക് ആഗിരണം ചെയ്യാൻ കഴിയുന്നത് ———————— ലവണത്തെയാണ്.

(A) നൈട്രജൻ (B) ഓക്സിജൻ

(C) ഹൈഡ്രജൻ (D) ക്ലോറിൻ



fb.com/pscnet.in

www.pscnet.in

70. അന്തരീക്ഷമർദ്ദം :

(A) മുകളിൽ കൂടുതൽ

(B) മുകളിൽ കുറവ്

(C) പൂജ്യം

(D) മുകളിലും താഴെയും തുല്യം

71. അന്നജത്തിന്റെ സാന്നിദ്ധ്യം തിരിച്ചറിയാൻ ഉപയോഗിക്കുന്നത് :

(A) പൊട്ടാസ്യം

(B) അയഡിൻ

(C) സോഡിയം

(D) മഗ്നീഷ്യം

72. വേവിക്കുമ്പോൾ നഷ്ടമാകുന്ന വിറ്റാമിൻ :

(A) വിറ്റാമിൻ B

(B) വിറ്റാമിൻ C

(C) വിറ്റാമിൻ D

(D) വിറ്റാമിൻ K

73. മാദ്ധ്യമങ്ങളുടെ സഹായമില്ലാതെ താപം പ്രസരണം ചെയ്യപ്പെടുന്ന രീതി :

(A) സംവഹനം

(B) സംശ്ലേഷണം

(C) ചാലനം

(D) വികിരണം

74. ഒരു ലോഹത്തിൽ മറ്റൊരു ലോഹം പൂശുന്നത് :

(A) വൈദ്യുതവിശ്ലേഷണം

(B) വൈദ്യുതലേപനം

(C) വൈദ്യുതചാലനം

(D) വൈദ്യുതപ്രവാഹം

75. ഇലകളിൽ കാണപ്പെടുന്ന സുഷിരങ്ങൾ :

(A) ആസ്യരന്ധ്രങ്ങൾ

(B) ഗ്രാഹ്യരന്ധ്രങ്ങൾ

(C) സസ്യരന്ധ്രങ്ങൾ

(D) സൂക്ഷ്മരന്ധ്രങ്ങൾ

76. കായികപ്രജനനത്തിൽ പെടാത്തത് :

(A) ഇല

(B) കാണ്ഡം

(C) വേര്

(D) കായ

77. ഭോപ്പാൽ ദുരന്തത്തിനു കാരണമായ വാതകം :

(A) ക്ലോറോഫോം

(B) കാർബൺ ടെട്രാക്ലോറൈഡ്

(C) മീഥൈൻ ഐസോസയനേറ്റ്

(D) ഈഥെയ്ൻ

78. കടലിന്റെ ആഴം കണ്ടെത്താൻ ഉപയോഗിക്കുന്നത് താഴെ പറയുന്നതിൽ ഏതാണ്?

(A) LUNAR

(B) SONAR

(C) LASER

(D) RADAR



fb.com/pscnet.in

www.pscnet.in

79. ഇന്ത്യയുടെ ആദ്യ ഉപഗ്രഹം :

(A) സ്ഫുട്നിക്
(B) ആര്യഭട്ട
(C) ആപ്പിൾ
(D) എഡ്യുസാറ്റ്

80. ഓസോൺ ദിനം :

(A) ആഗസ്റ്റ് 16
(B) സെപ്തംബർ 16
(C) ഒക്ടോബർ 16
(D) നവംബർ 16

81. ഓഫ്സെറ്റ് പ്ലേറ്റുകളെ എത്രയായി തരംതിരിച്ചിരിക്കുന്നു?

(A) തരം തിരിച്ചിട്ടില്ല
(B) മൂന്ന്
(C) രണ്ട്
(D) നാല്

82. ലിത്തോപ്ലേറ്റുകളുടെ പ്രതലം വെള്ളം നിലനിർത്തുന്നതിനായി രൂപപ്പെടുത്തുന്ന പ്രക്രിയക്ക് എന്തു പറയുന്നു?

(A) ക്ലീനിങ്ങ്
(B) ബ്ലാസ്റ്റിങ്ങ്
(C) വാഷിങ്ങ്
(D) ഗ്രെയിനിങ്ങ്

83. ഗ്രെയിനിങ്ങ് എത്ര സ്റ്റാൻഡേർഡിൽ ചെയ്യാവുന്നതാണ്?

(A) നാല്
(B) മൂന്ന്
(C) ഒന്ന്
(D) അഞ്ച്

84. പ്ലേറ്റുകളുടെ പ്രതലത്തിനെ ഗ്രീസ്, അഴുക്ക് മറ്റ് അന്യ പദാർത്ഥങ്ങൾ എന്നിവയിൽ നിന്ന് സംരക്ഷിക്കുന്നതിന് ചെയ്യുന്നത് :

(A) കൗണ്ടർ എച്ചിങ്ങ്
(B) റഫനിങ്ങ്
(C) ബ്ലീച്ചിങ്ങ്
(D) വാഷിങ്ങ്

85. സിങ്ക് പ്ലേറ്റിന് ഉപയോഗിക്കുന്ന എച്ചിങ്ങ് സൊലൂഷൻ :

(A) അസറ്റിക് ആസിഡ് 5%
(B) 15 CC നൈട്രിക് ആസിഡും വെള്ളവും
(C) 20 CC ഹൈഡ്രോക്ലോറിക് ആസിഡ്
(D) 10 CC സൾഫ്യൂറിക് ആസിഡ്

86. അലുമിനിയം പ്ലേറ്റുകൾക്ക് ഉപയോഗിക്കുന്ന എച്ചിങ്ങ് സൊലൂഷൻ :

(A) 5% അസിറ്റിക് ആസിഡും വെള്ളവും
(B) 10% സിട്രിക് ആസിഡ്
(C) 10 CC നൈട്രിക് ആസിഡ്
(D) 5 ഗ്രാം ആലം പൗഡർ



fb.com/pscnet.in

www.pscnet.in

87. കൗണ്ടർ എച്ച് എന്നാൽ എന്താണ്?

(A) പ്ലേറ്റ് വൃത്തിയാക്കുന്നത്

(B) ഗ്രെയിൻ ചെയ്യുന്നത്

(C) ഗ്രെയിനിങ്ങിനെ ബാധിക്കാതെ പ്ലേറ്റ് വൃത്തിയാക്കുന്നത്

(D) പ്ലേറ്റിൽ പരുപരുപ്പ് ഉണ്ടാക്കുന്നത്

88. ലിത്തോഗ്രാഫിയുടെ അടിസ്ഥാന തത്വം എന്താണ്?

(A) വെള്ളം കൂടുതലായി ഇഷ്ടപ്പെടുന്നു

(B) ഓയിൽ കൂടുതലായി ഇഷ്ടപ്പെടുന്നു

(C) വെള്ളവും ഓയിലും ഒന്നിച്ചു പ്രവർത്തിക്കുന്നു

(D) വെള്ളവും ഓയിലും ഒന്നിച്ചു പ്രവർത്തിക്കുന്നതല്ല

89. ലൈംസ്റ്റോൺ പ്ലേറ്റിൽ വെള്ളം നിലനിർത്താനായി എച്ച് ചെയ്യുന്നതിനായി ഉപയോഗിക്കുന്നത് :

(A) ആസിഡും ഗം അറാബിക്കും

(B) ആസിഡും ആലം പൗഡറും

(C) ആലവും സോഡാ പൗഡറും

(D) ആസിഡും കാസ്റ്റിക് സോഡയും

90. അസ്ഫാൾട്ടം എന്തിനാണ് ഉപയോഗിക്കുന്നത്?

(A) ലിത്തോപ്ലേറ്റുകളെ കവർ ചെയ്യുന്നതിന്

(B) എച്ച് ചെയ്ത ലിത്തോപ്ലേറ്റുകളെ സംരക്ഷിക്കുന്നതിന്

(C) ഇങ്കു ചെയ്ത ലിത്തോപ്ലേറ്റുകളെ സംരക്ഷിക്കുന്നതിന്

(D) പ്ലേറ്റുകളെ അന്തരീക്ഷമാറ്റത്തിൽ നിന്നും സംരക്ഷിക്കുന്നതിന്

91. എച്ചിങ്ങ് ലിത്തോപ്ലേറ്റിൽ എന്തു വ്യത്യാസമാണ് ഉണ്ടാക്കുന്നത്?

(A) പോറസ് ഏരിയകളെ അടക്കുന്നു

(B) ഗ്രീസ് ഇഫക്റ്റ് ഉണ്ടാക്കുന്നു

(C) പോറസ് ഏരിയകളെ തുറക്കുന്നു

(D) വെള്ളത്തിനോട് അഫിനിറ്റി ഉണ്ടാക്കുന്നു

92. ലിത്തോഗ്രാഫി എന്ന വാക്കിന്റെ ഉത്ഭവം ഏതു ഭാഷയിൽ നിന്നാണ്?

(A) ഫ്രഞ്ച്

(B) ഈജിപ്ഷ്

(C) ചൈന

(D) ഗ്രീക്ക്

93. ഗ്രെയിനിങ്ങിന്റെ മൂന്നു സ്റ്റാൻഡേർഡുകൾ ഏതെല്ലാം ആണ്?

(A) ഫൈൻ, മീഡിയം, ഫൈനൽ

(B) ഫൈൻ, മീഡിയം, കോർസ്

(C) ഫസ്റ്റ്, സെക്കന്റ്, തേർഡ്

(D) ഫസ്റ്റ്, മീഡിയം, എക്സ്ട്രാ



fb.com/pscnet.in

www.pscnet.in

94. എത്ര തരത്തിലുള്ള ബ്രഷ് ഗ്രെയിനിങ്ങ് രീതികൾ ഉണ്ട്?

(A) രണ്ട്
(B) മൂന്ന്
(C) നാല്
(D) ഒന്ന്

95. മൂന്നു വിധത്തിലുള്ള ഗ്രെയിനിങ്ങ് രീതികൾ ഏത്?

(A) മാർബിൾ, ഗ്രാഫൈറ്റ്, സാൻഡ്
(B) സാൻഡ്, മാർബിൾ, ബ്രഷ്
(C) ബ്രഷ്, സാൻഡ്, ആസിഡ്
(D) ആസിഡ്, സാൻഡ്, മാർബിൾ

96. ഓഫ്സെറ്റ് പ്ലേറ്റ് മേക്കിങ്ങിന് ഏറ്റവും കൂടുതലായി ഉപയോഗിക്കുന്ന മെറ്റൽ :

(A) കോപ്പർ
(B) സിങ്ക്
(C) അലുമിനിയം
(D) സ്റ്റീൽ

97. ഓഫ്സെറ്റ് പ്ലേറ്റുകളെ പ്രധാനമായി രണ്ടു തരത്തിൽ തിരിച്ചിട്ടുണ്ട്. അവ ഏതാണ്?

(A) സർഫ് ആന്റ് സബ് സർഫസ് പ്ലേറ്റ്
(B) പോസറ്റിവ് ആന്റ് നെഗറ്റിവ്
(C) പ്രീ സെൻസിറ്റെസിഡും അല്ലാത്തതും
(D) വൈപ്പ് ഓൺ ആന്റ് ഡീപ് എച്ച്

98. സബ് സർഫ് പ്ലേറ്റിൽ ഇമേജിന്റെ പ്രത്യേകത എന്താണ്?

(A) ഇമേജ് പ്ലേറ്റ് സർഫസിൽ നിന്നും ഉയർന്നിരിക്കും
(B) ഇമേജ് പ്ലേറ്റ് സർഫസും ഒരേ ലവലിൽ ആയിരിക്കും
(C) ഇമേജ് പ്ലേറ്റ് സർഫസിൽ നിന്നും അല്പം താഴ്ന്നിരിക്കും
(D) ഇമേജ് പ്ലേറ്റ് സർഫസിൽ നിന്നും നിശ്ചിത ഉയരത്തിലായിരിക്കും

99. പി.എസ്. പ്ലേറ്റുകളുടെ പ്രത്യേകത എന്താണ്?

(A) എച്ചിങ്ങിന്റെ ആവശ്യമില്ല
(B) ഇമേജ് ഏരിയ താഴ്ന്നിരിക്കും
(C) ലൈറ്റ് സെൻസിറ്റീവ് മെറ്റീരിയലിന്റെ ആവശ്യമില്ല
(D) ലൈറ്റ് സെൻസിറ്റീവ് മെറ്റീരിയൽ നേരത്തെ കോട്ടു ചെയ്തിരിക്കും

100. വെറ്റ് ബ്രഷ് ഗ്രെയിനിങ്ങിൽ ഏതു തരം ബ്രഷാണ് ഉപയോഗിക്കുന്നത്?

(A) റോട്ടറി ബ്രഷ്
(B) കോട്ടൺ ബ്രഷ്
(C) പ്ലാസ്റ്റിക് ബ്രഷ്
(D) നൈലോൺ റോട്ടറി ബ്രഷ്

---



PSCNET.in
fb.com/pscnet.in